നമ്പർ: എൻ2/68/2018/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 04/08/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

ഡയറക്ടർ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: - പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് (2018-19) അപേക്ഷകൾ ഓൺലൈൻ സമർപ്പണം - വാർത്ത - പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

2018-19 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ അടങ്ങിയ 'വാർത്ത' പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു. എല്ലാ മലയാള ഭാഷാ പത്രങ്ങളിലും, എല്ലാ എഡിഷനുകളിലും വാർത്തയായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വിശ്വസ്തതയോടെ**

**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**ഉള്ളടക്കം:-**
**വാർത്താകുറിപ്പ്**

# പത്രവാർത്ത

പൊതുവിദ്യാലയങ്ങളിൽ 1 മതുൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള 2018-19 അധ്യയന വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, കുടുംബ വാർഷിക വരുമാനം 1 ലക്ഷത്തിൽ താഴെയുള്ളവരുടെ മക്കൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ നൽകാവുന്നതാണ്. 2018-19 വർഷത്തേയ്ക്ക് കേരളത്തിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 1,92,789 സ്കോളർഷിപ്പുകളാണ് അനുവദിച്ചിരിക്കുന്നുത്. മിനിമം സ്കോളർഷിപ്പ് തുക 1000/- രൂപയാണ്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് തൊട്ടു മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളൂ. അപേക്ഷകരായ കുട്ടികൾക്ക് ആധാർ കൂട്ടിച്ചേർത്ത ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആണ്.

പൊതുവിദ്യാലയങ്ങളിൽ 9,10 ക്ലാസുകളിൽ പഠിക്കുന്ന അംഗവൈകല്യമുള്ള കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനും ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. 40 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് വൈകല്യത്തിന്റെ പ്രത്യേകത പരിഗണിച്ച് ഉയർന്ന സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കും. ഈ ഇനത്തിൽ 1307 പുതിയ സ്കോളർഷിപ്പുകളാണ് ഓരോ വർഷവും കേരളത്തിന് അനുവദിക്കുന്നത്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആണ്.

2017 നവംബറിൽ SCERT നടത്തിയ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷ വിജയിച്ച കുട്ടികൾക്കും ഇപ്പോൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2018-19 വർഷത്തേയ്ക്ക് 3473 കുട്ടികളെയാണ് നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിനായി പുതിയതായി തെരെഞ്ഞെടുത്തിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ അർഹരായ കുട്ടികളുടെ പട്ടിക ജില്ലാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2018-19 വർഷം പുതിയതായി നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികളും (ഇപ്പോൾ 9-ാം ക്ലാസ്) 2015-16, 2016-17 2017-18 എന്നീ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹത നേടിയവരും (ഇപ്പോൾ യഥാക്രമം 12,11,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ) ആയ എല്ലാ വിദ്യാർത്ഥികളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓഫ്ലൈൻ അപേക്ഷ സ്വീകരിക്കുന്നതല്ല. 2017-18 വർഷം മുതൽ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികൾക്ക് പ്രതിവർഷം 12000/- രൂപ നിരക്കിൽ ആകെ 48000/- രൂപ 9,10,11,12 എന്നീ ക്ലാസുകളിൽ ലഭിക്കുന്നതാണ്. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ഒക്ടോബർ 31.

കൂടുതൽ വിവരങ്ങൾക്ക് 9496304015, 0471-2580583